എമ്മാവൂസ്

# വചനദൂത്

കൈത്താക്കാലം മൂന്നാം ഞായർ യോഹ 9:1–12

Vol.9 / Issue - 8 / 06 Aug 2017



## ദൈവീകപദ്ധതി

ജന്മനാ അന്ധനായി ജനിച്ച ഒരുവന് ഈശോ സൗഖ്യം നൽകുന്ന സുവിശേഷഭാഗം നമുക്ക് മുമ്പിൽ അവതരിപ്പിക്കുക കുറവുകളെ നിറവുകളാക്കുന്ന ദൈവസ്നേഹത്തെയാണ്. നല്ല മുന്തിരി ഫലങ്ങൾ ലഭിക്കുമെന്ന് വിചാരിച്ച് നട്ടുവളർത്തിയ മുന്തിരിച്ചെടി ഉടയവന് കാട്ടുമുന്തിരി ഫലങ്ങൾ സമ്മാനിക്കുന്നത് പോലെയാണ്, ശിഷ്യരുടെ ചോദ്യം ഗുരുവിന്റെ കാതുകളിൽ പതിക്കുക. “ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ് ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ?”

പുറപ്പാടിന്റെ പുസ്തകം 20:5 വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. “എന്തെന്നാൽ ഞാൻ നിന്റെ ദൈവമായ കർത്താവ്, എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറവരെ ഞാൻ ശിക്ഷിക്കും.” ഇതുകൊണ്ട് തന്നെ ശിഷ്യരുടെ ചോദ്യത്തെ അത്ര കണ്ട് വിലകുറച്ച് കാണുവാൻ ഗുരുവിന് സാധിക്കുന്നില്ല. അതിനാലാവാം സൗമ്യഭാവത്തിൽ ഈശോ മറുപടി പറയുന്നതും. “ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ പാപം നിമിത്തമല്ല പ്രത്യുതാ ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്.” കാലാകാലങ്ങളായി യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്ന അന്ധവിശ്വാസങ്ങളെ ചോദ്യം ചെയ്യുക എന്നതിലുപരി ശിഷ്യർക്ക് ഗുരു നൽകുന്ന മഹത്തായ പാഠംതന്നെയാണ് സുവിശേഷഭാഗം – ദൈവീക പദ്ധതിയെന്ന പാഠം.



ബ്ര. ഷൈൻ കൈതാക്കൽ

സ്വജനത്തിൽപ്പെട്ട ഹെബ്രായനെ പ്രഹരിച്ച ഈജിപ്തുകാരനെകൊന്ന് മണ്ണിൽ മറവുചെയ്ത്, സ്വരക്ഷയ്ക്കായ് മിദിയാനിലേക്ക് ഓടിപ്പോയ മോശയ്ക്ക് അജ്ഞാതമായിരുന്നു അവന്റെ മേലുള്ള ദൈവീക പദ്ധതി. സ്വസഹോദരങ്ങളാൽ പൊട്ടക്കിണറ്റിൽ എറിയപ്പെടുമ്പോഴും കച്ചവട സംഘത്തിന് തന്നെ വിൽക്കപ്പെട്ടപ്പോഴും ജോസഫിനും അജ്ഞാതമായിരുന്നു അവനിലുള്ള ദൈവീക പദ്ധതി. ഏഴുപേരെ വിവാഹം ചെയ്തിട്ടും തന്റേതല്ലാത്ത കാരണങ്ങളാൽ ഭർത്താക്കന്മാരെ നഷ്ടപ്പെട്ട സാറയ്ക്കും അജ്ഞാതമായിരുന്നു അവളെക്കുറിച്ചുള്ള ദൈവീകപദ്ധതി. തിരുവചനത്തിൽ നാം കണ്ടുമുട്ടുന്ന ജന്മനാ

അന്ധനായ മനുഷ്യന്റെ അന്ധതയ്ക്ക് പിന്നിലെ ദൈവീക പദ്ധതി അവനും അജ്ഞാതമായിരുന്നു. ഓരോ മനുഷ്യജന്മത്തിന് പിന്നിലും അവന് അല്ലെങ്കിൽ അവൾക്ക് അജ്ഞാതമായിരിക്കുന്ന ഒരു ദൈവീക പദ്ധതി ഉണ്ടെന്ന് തിരുവചനം തന്നെ നമുക്ക് സാക്ഷ്യം നൽകുന്നു.

എന്തേ ദൈവമേ എന്റെ ജീവിതം ഇങ്ങനെ? ഞാനെന്തേ ഇത്ര അധപതിച്ചുപോയി? എന്റെ കുടുംബത്തിൽ മാത്രമെന്തേ സമാധാനവും സന്തോഷവും ഇല്ലാത്തത്? എനിക്ക് മാത്രമെന്തേ ഇത്രമാത്രം രോഗങ്ങളും ക്ലേശങ്ങളും? തുടങ്ങിയ ചോദ്യങ്ങൾ ഉയർത്തുന്ന നമുക്കുള്ള ഉത്തരംകൂടിയാണ് ഇന്നത്തെ സുവിശേഷം പറഞ്ഞ് തരിക. ലോക പ്രശസ്തനായ Inspirational Speaker നിക്കിനെ നമുക്ക് എല്ലാവർക്കും തന്നെ പരിചയമുണ്ട്. ഇരുകൈകളും കാലുകളുമില്ലാതെ ജനിച്ച് വീണ നിക്ക്, തന്റെ പ്രതിസന്ധിഘട്ടങ്ങളിൽ ദൈവത്തോട് ചോദിച്ചു; "തറയിൽ ഇഴയാൻ മാത്രം വിധിക്കപ്പെട്ട ഈ ജന്മം ദൈവമേ എന്തിന് നീ എനിക്ക് തന്നു.'' എന്നാൽ 13-ാമത്തെ വയസ്സുമുതൽ തന്നിലെ ദൈവീക പദ്ധതിയെ തിരിച്ചറിഞ്ഞ് തന്റെ ജീവിതം കൊണ്ട് മനുഷ്യമനസ്സുകളിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ നിക്കിന് സാധിച്ചപ്പോൾ പിന്നീട് അവൻ ദൈവത്തോട് പറഞ്ഞു; "ദൈവമേ ഈ ഒരു ജന്മം തന്നതിൽ ഞാൻ നിന്നോട് കടപ്പെട്ടിരിക്കുന്നു." ഒപ്പം നിക്ക് നമുക്കായ് കൂട്ടിച്ചേർക്കുന്നു. "നന്മയ്ക്ക് വേണ്ടി അല്ലാത്തതൊന്നും ദൈവം നിങ്ങളുടെ ജീവിതത്തിൽ അനുവദിക്കുകയില്ല."

നിറക്കുറവിന്റെയും മുടിക്കൊഴിച്ചിലിന്റെയും അമിതവണ്ണത്തിന്റെയും ആകാരവടിവിന്റെയും ഒക്കെ കാര്യത്തിൽ ആകുലപ്പെട്ട് അസ്വസ്ഥപ്പെട്ട് ജീവിതം തള്ളിനീക്കുന്ന നമ്മെപ്പോലുള്ള മനുഷ്യജീവിതങ്ങൾ, നിക്കിനെപ്പോലുള്ള മനുഷ്യരുടെ ജീവിതം കാണുമ്പോൾ നാം മനസ്സിലാക്കേണ്ട കാര്യമാണ്, നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുറവുകളിലെ ദൈവീകപദ്ധതി മനസ്സിലാക്കുക എന്നത്.

ഒരിക്കൽ ഒരു വൈദികൻ ഇടവകധ്യാനത്തിൽ പങ്കുവെച്ചത് ഓർക്കുന്നു. "അന്നെന്റെ സഹോദരി എനിക്ക് നഷ്ടപ്പെട്ടില്ലായിരുന്നുവെങ്കിൽ ഇന്ന് എനിക്ക് ഈ തിരുവസ്ത്രം അന്യമായേനെ." Formation കാലത്തിൽ എവിടെയോ നഷ്ടപ്പെട്ടുപോയ തന്റെ ജീവിതത്തിന്റെ അർത്ഥം തനിക്ക് തിരിച്ച് പിടിക്കാനായത് തന്റെ സഹോദരിയുടെ മരണം തന്നിൽ ഏൽപ്പിച്ച ആഘാതമാണെന്ന് ആ വൈദികൻ പറയുമ്പോൾ, ഇന്ന് ഓർത്തുപോകുന്നു. ആ സഹോദരിയുടെ മരണം ആ വൈദികന്റെ ജീവിതത്തിലെ ദൈവീക പദ്ധതിയുടെ ഭാഗമാണെന്ന്.

ഒരുപക്ഷെ നാം ചിന്തിച്ച് പോകാം ദൈവം ഇത്രയും സ്വാർത്ഥനാണോയെന്ന്. ഒരുവനെ സ്വന്തമാക്കാൻ മറ്റൊരുവനെ ഇല്ലായ്മ ചെയ്യുന്നുവോ എന്ന് നമുക്ക് തോന്നാം. ഇത്തരം സന്ദർഭങ്ങളിൽ നാം നോക്കേണ്ടത് ഈശോയുടെ തന്നെ ജീവിതമാണ്. സൃഷ്ടിയെ രക്ഷിക്കാൻ വേണ്ടി സൃഷ്ടാവ് ക്രൂശിലേറി. അതാണ് ദൈവീക പദ്ധതിയുടെ മഹത്തായ ഉദാഹരണം.

തിരുവചനഭാഗത്ത് ഈശോ കൂട്ടിച്ചേർക്കുന്നു. "ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്." ലോകത്തെ പ്രകാശിപ്പിച്ച, പ്രകാശിപ്പിക്കുന്ന ക്രിസ്തുവിന്റെ ശിഷ്യരാകാൻ വിളിക്കപ്പെട്ട നാമെല്ലാവരും, നമ്മുടെ ഈ ലോകജീവിതത്തിൽ മറ്റൊരു പ്രകാശമായി തീരേണ്ടവരാണ്. എപ്പോഴും എന്നിലെ കുറവുകളും ഇല്ലായ്മയുമാണ് എന്റെ ധ്യാനവിഷയമെങ്കിൽ, എനിക്ക് എങ്ങനെ ലോകത്തിന് പ്രകാശമായിത്തീരാൻ കഴിയും. ഞങ്ങളുടെ ഇല്ലായ്മകളെയും കുറവുകളെയും ദൈവീക പദ്ധതിയുടെ ഭാഗമായികണ്ടുകൊണ്ട് ലോകത്തെ പ്രകാശിപ്പിച്ച വ്യക്തികളുടെ ജീവിതങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാൻ സാധിച്ചാൽ നമ്മുടെ കുറവുകളിലും ദൈവത്തിന്റെ പദ്ധതി ഉണ്ടെന്ന് തിരിച്ചറിയാൻ സാധിക്കും.

'There is something in nothingness' എന്നത് തത്വശസ്ത്രത്തിലെ ഒരു ചൊല്ലാണ്. അതുപോലെ നമ്മുടെ ഇല്ലായ്മകളിൽ നിറഞ്ഞ് നിൽക്കുന്നതാണ് ദൈവീകപദ്ധതി. അത് മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും ചിന്താതീതവുമാണ്. അതുകൊണ്ട് പ്രിയമുള്ളവരെ കുറവുകളെക്കുറിച്ച് ഓർത്ത് ആകുലപ്പെടാതെ, കുറവുകളിലും എന്തോ ഒന്ന് നിറവിനായ് ദൈവം കാത്ത് വച്ചിട്ടുണ്ട് എന്ന ചിന്ത മനസ്സിൽ സൂക്ഷിക്കാം. ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം, ലോകത്തിന്റെ പ്രകാശമായിത്തീരാൻ നമുക്ക് പരിശ്രമിക്കാം. കുറവുകളെ നിറവുകളാക്കുന്ന ദൈവത്തിന്റെ കൃപ നമ്മോട് കൂടെ ഉണ്ടാവട്ടെ. ◆